# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 276** **10-12-2012-ൽ മറുപടിയ്ക്ക്**

## ട്രാഫിക് പോലീസ് പിടിച്ചെടുക്കുന്ന വാഹനങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. കെ. സുരേഷ് കുറുപ്പ് :** | **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (ബഹു. ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി)** |
| (എ) ട്രാഫിക് പോലീസ്, പിടിച്ചെടുക്കുന്ന വാഹനത്തിലുള്ള ബാറ്ററി, വിലയേറിയ ഉപകരണങ്ങൾ, രേഖകൾ തുടങ്ങിയവ സംബന്ധിച്ച കണക്കുകൾ സ്റ്റേഷനിൽ രേഖപ്പെടുത്തി സൂക്ഷിക്കാറുണ്ടോ ; | (എ) ട്രാഫിക് പോലീസ്, പിടിച്ചെടുക്കുന്ന വാഹനങ്ങൾ കേസിൽ ഉൾപ്പെട്ടതാണെങ്കിൽ വാഹനത്തിന്റെ വിശദമായ വിവരം രേഖപ്പെടുത്തി സൂക്ഷിക്കാറുണ്ട്. എന്നാൽ വാഹനത്തിനുള്ളിലുള്ള വിവരങ്ങൾ രേഖപ്പെടുത്തി വയ്ക്കാറില്ല. ഇത്തരത്തിലുള്ള വാഹനങ്ങൾ മോട്ടോർ വാഹന വകുപ്പിലെ ഉദ്യോഗസ്ഥന്റെ പരിശോധനയിൽ വാഹന ഭാഗങ്ങളേയും വാഹനത്തിന്റെ പ്രവർത്തന സജ്ജതയെക്കുറിച്ചും വിശദമായ റിപ്പോർട്ട് തയ്യാറാക്കാറുണ്ട്. വാഹനത്തിന്റെ രേഖകളുണ്ടെങ്കിൽ ബന്ധപ്പെട്ട പോലീസ് സ്റ്റേഷനിൽ സൂക്ഷിച്ചു വരുന്നു. |

(ബി) പിടിച്ചെടുക്കുന്ന വാഹനങ്ങൾ തിരിച്ചു ലഭിക്കുന്നതിനായുള്ള നടപടി ക്രമങ്ങൾ വ്യക്തമാക്കാമോ ;

(ബി) കുറ്റകൃത്യങ്ങളിൽ ഉൾപ്പെടുന്ന വാഹനങ്ങൾ സ്റ്റേഷനിൽ നിന്നും ആവശ്യമായ നിയമനടപടികൾ പൂർത്തിയാക്കി വാഹനത്തിന്റെ രേഖകളും മറ്റും പരിശോധിച്ച് പിടിച്ചെടുത്ത വാഹനങ്ങൾ ആർ.സി ഓണർക്കോ, ടിയാൻ അധികാര പ്പെടുത്തുന്ന വ്യക്തിക്കോ വാഹന കൈച്ചീട്ടിന്മേൽ വിട്ടുകൊടുക്കാറു ണ്ട്. കോടതിയിൽ ഹാജരാക്കുന്ന വാഹനങ്ങൾ കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ വിട്ടുകൊടുത്തു വരുന്നുണ്ട്.

(സി) നടപടി ക്രമങ്ങൾ പൂർത്തീകരിച്ച ശേഷവും വാഹനം വിട്ടുകൊടുക്കാ തിരിക്കുന്നത് കുറ്റകരമാണോ ; എങ്കിൽ ഇതിനെതിരെ എവിടെയാണ് പരാതിപ്പെ ടേണ്ടത് ?

(സി) കുറ്റകരമാണ്. ഇതു സംബന്ധിച്ച് ബന്ധപ്പെട്ട മേലധികാരികൾക്ക് രേഖാമൂലം പരാതി നൽകാവുന്ന താണ്.

(ഡി) വാഹനത്തിൽ ഉണ്ടായിരുന്ന രേഖകളും വസ്തുക്കളും നഷ്ടപ്പെട്ടാൽ പരാതിപ്പെ ടാൻ സാധിക്കുമോ ; വിശദമാക്കാമോ ?

(ഡി) വാഹനത്തിൽ ഉണ്ടായിരുന്ന രേഖ കളും വസ്തുക്കളും നഷ്ടപ്പെട്ടാൽ പരാതിപ്പെടാൻ സാധിക്കുന്നതാണ്. ബന്ധപ്പെട്ട മേലധികാരികൾക്ക് രേഖാമൂലം തെളിവുസഹിതം പരാതിപ്പെടാവുന്നതാണ്.

(signature)

സെക്ഷൻ ഓഫീസർ